# KERALA STATE ELECTRICITY REGULATORY COMMISSION

KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org


നം. 173/ഡി.ടി)/2022/കെ.എസ്.ഇ.ആർ.സി/ തീയതി 09.02.2022

സ്വീകർത്താവ്,

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, സമർപ്പിച്ചിട്ടുള്ള 2021 ഏപ്രിൽ മുതൽ 2021 ജൂൺ വരെയും, 2021 ജൂലൈ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ഇന്ധനചിലവിനേക്കാൾ, ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ അധിക ബാധ്യത ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള അപേക്ഷയിന്മേലുള്ള പൊതുതെളിവെടുപ്പ് - സംബന്ധിച്ച്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, സമർപ്പിച്ചിട്ടുള്ള 2021 ഏപ്രിൽ മുതൽ 2021 ജൂൺ വരെയും, 2021 ജൂലൈ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ഇന്ധനചിലവിനേക്കാൾ, ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ അധികബാധ്യത ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള പെറ്റീഷന്മേലുള്ള പൊതുതെളിവെടുപ്പ് ഫെബ്രുവരി മാസം 15-ാം തീയതി (15.02.2022) രാവിലെ 11:00 മണിക്ക് വീഡിയോ കോൺഫ്രറൻസ് മുഖാന്തിരം നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ കമ്മീഷന്റെ വെബ്സൈറ്റായ www.erckerala.org ൽ ലഭ്യമാണ്.

ഇതു സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന പത്രക്കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തുകൊള്ളുന്നു. ഇതു സംബന്ധിച്ച വിവരം അച്ചടി-ദൃശ്യ മാദ്ധ്യമങ്ങൾ വഴി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി

F:\DY DIRECTOR SMT SAVITHA\FEBRUARY 2022\173- DDT - LR FOR PUBLIC HEARING DT 09.02.2022.docx

# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :09.02.2022

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2021 ഏപ്രിൽ മുതൽ 2021 ജൂൺ വരെയും, 2021 ജൂലൈ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കമ്മീഷൻ അംഗീകരിച്ച ഇന്ധനചിലവിനേക്കാൾ, ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ അധികബാധ്യത ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള അപേക്ഷ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ യഥാക്രമം 17.09.2021നും, 17.01.2022നും സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകൾ .(OP No. 56/2021 & OP No. 10/2022) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനുള്ള പൊതുതെളിവെടുപ്പ് 15.02.2022ന് രാവിലെ 11:00 മണിക്ക് വീഡിയോ കോൺഫ്രറൻസ് മുഖാന്തിരം കമ്മീഷൻ നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിൽ പങ്കെടുക്കുവാൻ താൽപ്പര്യം ഉള്ളവർ 14.02.2022ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ/ ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 15.02.2022, 05:00 PM വരെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി